പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത് ചോദ്യം നമ്പർ : 1143 13/12/2012 ലെ മറുപടിക്ക്

**കായികാധ്യാപകൻ സർക്കാരിലേക്ക് അടക്കാനുള്ള തുക**

| ചോദ്യം<br>**ശ്രീമതി കെ. കെ. ലതിക** | മറുപടി<br>**ശ്രീ. പി.കെ. അബ്ദു റബ്ബ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) വടകര വിദ്യാഭ്യാസ ജില്ല നരിപ്പറ്റ ആർ.എൻ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ കായികാധ്യാപകനായിരുന്ന ശ്രീ. കെ. പ്രദീപൻ സർക്കാരിലേക്ക് എന്തെങ്കിലും തുക അടക്കുവാനുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>ബി) പ്രസ്തുത തുക ഏത് കാലയളവിൽ ഉള്ളതാണെന്ന് വ്യക്തമാക്കുമോ; | എ) & ബി) ആർ.എൻ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ കായികാധ്യാപകനായിരുന്ന ശ്രീ. കെ. പ്രദീപനെ 12/03/2007 മുതൽ മുൻകാല പ്രാബല്യത്തോടെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. 12/03/2007 മുതൽ 31/05/2009 വരെ ശ്രീ. പ്രദീപന് ശമ്പളയിനത്തിൽ നൽകിയ മുഴുവൻ തുകയും ഹെഡ്മാസ്റ്റർ/ മാനേജരിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ശ്രീ. കെ.പ്രദീപൻ 12/03/2007 മുതൽ 31/05/2009 വരെ കൈപ്പറ്റിയ ശമ്പളത്തിന്റെ ആകെ തുകയായ 226167/- രൂപ ശ്രീ പ്രദീപനിൽ നിന്നും ഈടാക്കുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തത്. |
| സി) പ്രസ്തുത കാലയളവിൽ പ്രസ്തുത അധ്യാപകൻ സ്കൂളിൽ ജോലി ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | സി) ഉണ്ട്. |
| ഡി) എങ്കിൽ പ്രസ്തുത അധ്യാപകന് ഈ കാലയളവിൽ എന്തെല്ലാം ആനുകൂല്യങ്ങൾക്കാണ് അർഹതയുള്ളത് എന്ന് വ്യക്തമാക്കുമോ? | ഡി) 12/03/2007 മുതൽ മുൻകാല പ്രാബല്യത്തോടെ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ടതിനാൽ യാതൊരു ആനുകൂല്യത്തിനും അർഹതയില്ല. |

സെക്ഷൻ ഓഫീസർ